# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 827

03.12.2014- ലെ
മറുപടി.

## സർക്കാർ മെഡിക്കൽ കോളേജുകൾ

**ചോദ്യം**

ഡോ. കെ.ടി.ജലീൽ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ട്; ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഉളളവ എത്ര; ഇല്ലാത്തവ ഏതൊക്കെ;

(ബി) ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും സുഗമമായ പ്രവർത്തനത്തിന് ഏതെല്ലാം കാറ്റഗറിയിലുളള എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ട്; ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും നിലവിലുളള സ്ഥിര തസ്തികകൾ എത്ര; പ്രസ്തുത തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നവ ഏതെല്ലാം; എത്ര വീതം എന്ന് വ്യക്തമാക്കാമോ;

(സി) ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിച്ചിരിക്കുന്ന അത്രയും തസ്തികകളിൽ ഡോക്ടർമാരോ ജീവനക്കാരോ സ്ഥിരമായി ഇല്ലാത്തവ എത്ര; വേണ്ടത്ര തസ്തികകൾ ഇല്ലാത്തതിനാൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അനുമതി നിഷേധിച്ച മെഡിക്കൽ കോളേജുകൾ ഏതൊക്കെ?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) 9 മെഡിക്കൽ കോളേജുകൾ ഇവയ്ക്കെല്ലാം ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) എല്ലാ മെഡിക്കൽ കോളേജുകളിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന സ്റ്റാഫ് പാറ്റേൺ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പ്രസ്തുത തസ്തികകൾ നിലവിലുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി മെഡിക്കൽ വിഭാഗത്തിൽ 1941 അദ്ധ്യാപക തസ്തികകളിൽ335 ഒഴിവുകളും 2269 നഴ്സിംഗ് തസ്തികകളിൽ 831 ഒഴിവുകളും 1001 മറ്റ് പാരാമെഡിക്കൽ തസ്തികകളിൽ 70 ഒഴിവുകളുമുണ്ട്.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അനുമതി നിഷേധിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല.

സെക്ഷൻ ഓഫീസർ